روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

**നാർകോട്ടിസം; പ്രമാണങ്ങൾ എന്തു പറയുന്നു?**

sufaraulislam.com

17/09/2021

**بسم الله الرحمن الرحيم**

- ജിഹാദ് എന്ന പദം ഏറെ ചർച്ചയായി കൊണ്ടിരിക്കുന്ന കാലമാണിത്.
- നാർക്കോട്ടിക് ജിഹാദാണ് ഇപ്പോഴത്തെ ചർച്ചാ വിഷയം.
- മദ്യവും മയക്കമരുന്നും വാങ്ങിക്കൊടുത്ത് പെൺകുട്ടികളെ വശീകരിച്ച് ഇസ്ലാമിലേക്ക് കൊണ്ടു വരുന്നു എന്നാണ് ആരോപണം.
- മുസ്ലിംങ്ങൾക്ക് നേരെ യാതൊരു തെളിവുമില്ലാതെ ആരോപണം ഉന്നയിക്കുകയാണ്.
- യഥാർത്ഥത്തിൽ ഇസ്ലാം മദ്യത്തിന്റെയും മയക്കമരുന്നിന്റെയും വിഷയത്തിൽ ശക്തമായ താക്കീതുകൾ നൽകിയ മതമാണ്.
- കേരളത്തിലെ ജനങ്ങൾ ഏതു മതക്കാരായാലും ഏറെ സൌഹാർദ്ധത്തിൽ കഴിയുന്നവരാണ്.
- നമ്മുടെ നാടിന്റെ സമാധാനാന്തരീക്ഷം തകർക്കുവാനാണ് ഇത്തരം പ്രസ്താവനകൾ വഴി വെക്കുക.
- നാം പ്രതികരിക്കുമ്പോൾ വിവേകത്തോടെ പ്രതികരിക്കണം.
- മദ്യവും മയക്കമരുന്നും ഉപയോഗിക്കുന്നവരെ അതിൽ നിന്നും രക്ഷപ്പെടുത്താൻ നാം പരിശ്രമിക്കണം.

**എന്താണ് ഇസ്ലാമിലെ ജിഹാദ്?**

- ഇംഗ്ലീഷ് നിഘണ്ടുവായ 'റീഡേഴ്സ് ഡൈജസ്റ്റ് ഓക്സ്ഫോർഡ് കംപ്ലീറ്റ് വേൾഡ് ഫൈൻഡർ' ജിഹാദിനെ നിർവചിക്കുന്നത് 'അവിശ്വാസികൾക്കെതിരെ മുസ്‌ലിംകൾ നടത്തുന്ന വിശുദ്ധ യുദ്ധം' എന്നാണ്
- ഇംഗ്ലീഷ് പദപഠനത്തിന് ഉപയോഗിക്കപ്പെടുന്ന 'വെബ്സ്റ്റേഴ്സ് എൻസൈക്ലോപീഡിക് ഡിക്ഷണറിയിൽ 'മുസ്‌ലിംകൾ പരിശുദ്ധ ഉത്തരവാദിത്തമായി പരിഗണിക്കുന്ന വിശുദ്ധയുദ്ധം'
- പദപരമായി നോക്കിയാൽ ജിഹാദ് എന്ന പദത്തിന് യുദ്ധവുമായി ബന്ധമൊന്നുമില്ല.
- صراع /معركة /قتال തുടങ്ങിയവയാണ് യുദ്ധം എന്ന ആശയത്തിന് ഉപയോഗിക്കുന്ന അറബി പദങ്ങൾ.
- വിശുദ്ധ യുദ്ധത്തിന് الحرب المقدسة എന്നാണ് പറയുക.

❖ **ക്വുർആൻ ജിഹാദ് ചെയ്യാൻ പറഞ്ഞിട്ടില്ലേ?**

وَجَاهِدُوا فِي اللَّهِ حَقَّ جِهَادِهِ (الحج: ٧٨)

فَلَا تُطِعِ الْكَافِرِينَ وَجَاهِدْهُمْ بِهِ جِهَادًا كَبِيرًا (الفرقان: ٥٢)

ജിഹാദ്' എന്ന നാമരൂപമോ അതിന്റെ ക്രിയാരൂപങ്ങളോ ആകെ നാൽപ്പത്തിയൊന്ന് തവണയാണ് ക്വുർആനിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്നത്.

❖ **നാമരൂപത്തിൽ ജിഹാദ് എന്നു പ്രയോഗിച്ചിരിക്കുന്നത് നാലു തവണയാണ്;**

| | | | |
|---|---|---|---|
| سورة الممتحنة: ١ | سورة الفرقان: ٥٢ | سورة الحج: ٧٨ | سورة التوبة:٢٤ |

❖ **മറ്റു സൂക്തങ്ങളിൽ,**

| | | | |
|---|---|---|---|
| جاهَدُوا | جاهِدُوا | يجاهدو | جاهد |
| تجاهدون | مجاهدون | يجاهدون | |

❖ **ജിഹാദ് എന്ന് പറഞ്ഞാൽ**

○ ഒരാളുടെ പരമാവധി കഴിവും ശക്തിയും പരിശ്രമങ്ങളും അധ്വാനങ്ങളുമെല്ലാം അനിഷ്ട കരമായ എന്തിനെങ്കിലുമെതിരെ പോരാടുവാൻ വിനിയോഗിക്കുകയെന്നാണ്.

○ **ഇസ്ലാമിൽ ജിഹാദ് പതിമൂന്ന് തരമുണ്ട്.**

○ പണ്ഡിതന്മാർ നാല് തരത്തിൽ ജിഹാദിനെ വേർതിരിച്ചിട്ടുണ്ട്.

1. **സ്വന്തത്തോടുള്ള ജിഹാദ്**

| | | | | |
|---|---|---|---|---|
| ١ | للعلم | للعمل | للدعوة | للصبر |

2. **പിശാചിനോടുള്ള ജിഹാദ്**

| | | |
|---|---|---|
| ٢ | الشبهات | الشهوات |

3. **തിന്മയുടെ വക്താക്കളോടുള്ള ജിഹാദ്**

| | | | |
|---|---|---|---|
| ٣ | باليد | باللسان | بالقلب |

4. **അവിശ്വാസികളോടും കപട വിശ്വാസികളോടുമുള്ള ജിഹാദ്**

| | | | | |
|---|---|---|---|---|
| ٤ | بالقلب | باللسان | بالمال | بالنفس |

❖ **ശ്രദ്ധിക്കുക**

- സ്വന്തത്തോടുള്ള ജിഹാദ് ചെയ്യാത്തവന് മറ്റുള്ളവരോട് ജിഹാദ് ചെയ്യാൻ അവകാശ മില്ല.
- ജിഹാദു നഫ്സ് ഫർദ് ഐൻ ആണ്.

- മറ്റുള്ളവരോടുള്ള ജിഹാദ് ഫർദ് കിഫായയാണ്.
- ജിഹാദു നഫ്സിൽ പരാജയപ്പെട്ടവൻ ആക്ഷേപാർഹനാണ്. നാളെ ശിക്ഷ ലഭിക്കും.
- എന്നാൽ യുദ്ധത്തിൽ പരാജയപ്പെട്ടാൽ അവന് പ്രതിഫലം ലഭിക്കും.

❖ **നബി (സ്വ) പഠിപ്പിച്ച ചില ജിഹാദുകൾ**

1. **സ്വന്തം മനസ്സിനോടുള്ള ജിഹാദ്.**

وَالْمُجَاهِدُ مَنْ جَاهَدَ نَفْسَهُ فِي طَاعَةِ اللهِ، وَالْمُهَاجِرُ مَنْ هَجَرَ الْخَطَايَا وَالذَّنُوبَ

സ്വന്തം മനസ്സിനോട് അല്ലാഹുവിനെ അനുസരിക്കുന്ന കാര്യത്തിൽ ജിഹാദ് ചെയ്തവനാണ് മുജാഹിദ്. പാപങ്ങളെ വെടിഞ്ഞവനാണ് മുഹാജിർ

○ **മാതാപിതാക്കളുടെ വിഷയത്തിലുള്ള ജിഹാദ്**

عَنْ عَبْدِ اللَّهِ بن عَمْرٍو، قَالَ: جَاءَ رَجُلٌ إِلَى النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَسْتَأْذِنُهُ فِي الْجِهَادِ، فَقَالَ:"أَحَيٌّ وَالِدَاكَ؟"قَالَ: نَعَمْ، قَالَ:"فَفِيهِمَا فَجَاهِدْ (ترمدي)

❖ **മദ്യം മറ്റുള്ളവർക്ക് നൽകി അവരെ മതം മാറ്റാൻ ഇസ്ലാം പഠിപ്പിക്കുന്നുണ്ടോ?**

- ഇസ്ലാമിൽ നിർബന്ധിത മത പരിവർത്തനം ഇല്ല.

لَا إِكْرَاهَ فِي الدِّينِ قَد تَّبَيَّنَ الرُّشْدُ مِنَ الْغَيِّ فَمَن يَكْفُرْ بِالطَّاغُوتِ وَيُؤْمِن بِاللَّهِ فَقَدِ اسْتَمْسَكَ بِالْعُرْوَةِ الْوُثْقَىٰ لَا انفِصَامَ لَهَا وَاللَّهُ سَمِيعٌ عَلِيمٌ ﴿البقرة: ٢٥٦﴾

- മദ്യം നിഷിദ്ധമാണ് എന്നാണ് ഇസ്ലാം പഠിപ്പിച്ചത്.
- നിഷിദ്ധമാക്കിയ ഒരു വസ്തു കൊണ്ട് എങ്ങനെയാണ് ഇസ്ലാമിലേക്ക് ആളുകളെ ക്ഷണിക്കുക?
- ഇസ്ലാമിലേക്ക് ആളുകളെ ക്ഷണിക്കുന്നത് വിശുദ്ധ ക്വുർആനും സുന്നത്തും അനുസരിച്ചാണ്.
- **ആ ക്വുർആൻ മദ്യത്തെക്കുറിച്ച് പറഞ്ഞത്**

يَا أَيُّهَا الَّذِينَ آمَنُوا إِنَّمَا الْخَمْرُ وَالْمَيْسِرُ وَالْأَنصَابُ وَالْأَزْلَامُ رِجْسٌ مِّنْ عَمَلِ الشَّيْطَانِ فَاجْتَنِبُوهُ لَعَلَّكُمْ تُفْلِحُونَ ﴿مائدة: ٩٠﴾

❖ **ഈ ആയത്തിൽ നാം പഠിക്കേണ്ടത്**

- ഒന്ന്: 'സത്യ വിശ്വാസികളേ' എന്ന അഭിസംബോധനയാലാണ് വിശുദ്ധ വചനം ആരംഭിച്ചത്. പ്രസ്തുത വിളി അറിയിക്കുന്നതാകട്ടെ ശേഷം വരുന്ന മതവിധി നടപ്പാക്കൽ സ്രഷ്ടാവിന് ഉത്തരമേകിയവർക്ക് നിർബന്ധമാണ് എന്നതാണ്.

- രണ്ട്: മദ്യത്തെ ചൂതാട്ടത്തോടും പ്രതിഷ്ഠകളോടും പ്രശ്നം വെച്ചുനോക്കുവാനുള്ള അമ്പുകളോടുമാണ് ചേർത്ത് പറഞ്ഞത്. ഇവയെല്ലാം വൻപാപങ്ങളാണ്. മദ്യം മഹാപാപമാണെന്നതിനാലും സകല തിന്മകളുടേയും താക്കോലെന്നതിനാലുമാണ് അവയേക്കാളെല്ലാം മദ്യത്തെ മുന്തിപ്പിച്ചത്.
- മൂന്ന്: വിശുദ്ധ വചനത്തിൽ മദ്യത്തെ രിജ്സ്  എന്നാണ് വർണ്ണിച്ചത്. മാലിന്യത്തിനും മ്ലേച്ഛതക്കുമാണ് അറബി ഭാഷയിൽ രിജ്സ് എന്ന് പറയുക.
- നാല്: فَاجْتَنِبُوهُ  അതിനാൽ നിങ്ങൾ അതൊക്കെ വർജ്ജിക്കുക. പ്രസ്തുത പ്രയോഗം അർത്ഥമാക്കുന്നതാകട്ടെ ഒരു വസ്തുവിൽ നിന്ന് അകലുക, അതിനോടും അതിന്റെ അതിരുകളോടും അടുക്കാതിരിക്കുക എന്നൊക്കെയാണ്.

❖ **മദ്യം തിന്മകളുടെ മാതാവാണ്.**

عَنِ ابْنِ عَبّاسٍ ، قالَ: سَمِعْتُ رَسُولَ اللهِ ﷺ يَقُولُ» :الخَمْرُ أُمُّ الفَواحِشِ وأكْبَرُ الكَبائِرِ مَن شَرِبَها وقَعَ عَلى أُمِّهِ وخالَتِهِ وعَمَّتِهِ (الطبراني )

മദ്യം നീചവൃത്തികളുടെ മാതാവും വൻപാപവുമാണ്. വല്ലവനും അത് കുടിച്ചാൽ അവന്റെ മാതാവിന്റെയും പിതൃസഹോദരിയുടേയും മാതൃസഹോദരിയുടേയും മേൽ അവൻ വീണെന്നിരിക്കും (ത്വബ്റാനി)

❖ **എല്ലാ തിന്മകളുടെയും താക്കോലാണ് മദ്യം.**

عَنْ أَبِي الدَّرْداءِ قالَ «أوْصانِي خَلِيلِي ﷺ لا تَشْرَبْ الخَمْرَ فَإنَّها مِفْتاحُ كُلِّ شَرٍّ (إبن ماجة)

താങ്കൾ മദ്യം കുടിക്കരുത്. കാരണം അത് എല്ലാ തിന്മകളുടേയും താക്കോലാകുന്നു, തീർച്ച.

❖ **മദ്യവുമായി ബന്ധപ്പെട്ട് പത്ത് വിഭാഗം ശാപാർഹരാണ്.**

عَنْ أنَسِ بْنِ مالِكٍ قالَ :لَعَنَ رَسُولُ اللهِ ﷺ فِي الخَمْرِ عَشَرَةً :عاصِرَها، ومُعْتَصِرَها، وشارِبَها، وحامِلَها، والمَحْمُولَةُ إلَيْهِ، وساقِيَها، وبائِعَها، وآكِلَ ثَمَنِها، والمُشْتَرِي لَها، والمُشْتَراةُ لَهُ. (ابي داوود)

അല്ലാഹുവിന്റെ റസൂൽ കള്ളിന്റെ  വിഷയത്തിൽ പത്ത് പേരെ ശപിച്ചു. മദ്യം വാറ്റുന്നവൻ, അത് ആർക്കുവേണ്ടി വാറ്റുന്നുവോ അയാൾ, അത് കുടിക്കുന്നവൻ, അത് വഹിച്ചെത്തിക്കുന്നവൻ, ആർക്കുവേണ്ടി വഹിക്കുന്നുവോ അവൻ, അത് വിൽക്കുന്നവൻ, കുടിപ്പിക്കുന്നവൻ, അതിന്റെ വില തിന്നുന്നവൻ, അത് വിലക്ക് വാങ്ങുന്നവൻ, ആർക്കുവേണ്ടി വിലക്ക് വാങ്ങുന്നുവോ അവൻ.

❖ **മദ്യപാനിക്കുള്ള ശിക്ഷ.**

- മദ്യപാനിയെ ഈ ലോകത്ത് വെച്ച് തന്നെ ശിക്ഷിക്കണം എന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്
- ഇസ്ലാമിക ഭരണമുണ്ടെങ്കിൽ ആ ശിക്ഷ നടപ്പാക്കും.
- ഉദാഹരണത്തിന് സഊദി അറേബ്യയിൽ...

عَنْ أَنَسٍ، «أَنَّ نَبِيَّ اللَّهِ ﷺ جَلَدَ فِي الخَمْرِ بِالجَرِيدِ والنِّعالِ، ثُمَّ جَلَدَ أَبُو بَكْرٍ أَرْبَعِينَ (بخاري)

“നിശ്ചയം, നബി (സ്വ) മദ്യപാനത്തിനുള്ള (ശിക്ഷയായി) ഈത്തപ്പന പട്ടകൊണ്ടും ചെരിപ്പുകൊണ്ടും അടിച്ചു. ശേഷം അബൂബകറും (തന്റെ ഖിലാഫത്തിൽ) നാൽപ്പത് അടി അടിച്ചു.” (ബുഖാരി)

❖ **ചുരുക്കത്തിൽ...**

- മുസ്ലീം സമൂഹത്തിന് എതിരെ ഉന്നയിച്ചിരിക്കുന്ന ആരോപണം അവാസ്തവമാണ്.
- തങ്ങളുടെ ഇടയിൽ നില നിൽക്കുന്ന തർക്കങ്ങളും നേരിട്ടു കൊണ്ടിരിക്കുന്ന ആരോപണങ്ങളും വഴി മാറ്റി വിടാനുള്ള ഗൂഢ തന്ത്രമാണിത്.
- മനുഷ്യർക്കിടയിൽ വർഗീയ വേർതിരിവ് ഉണ്ടാക്കാൻ പരിശ്രമിക്കുന്നവരുടെ കൈകളിലെ കളിപാവകളായി ഇത്തരം ആളുകൾ മാറുന്നു എന്നു വേണം മനസ്സിലാക്കാൻ.
- ബല പ്രയോഗത്തിലൂടെയുള്ള മതപരിവർത്തനം ഇസ്ലാം അംഗീകരിക്കുന്നില്ലെന്ന് ഈ സമൂഹത്തെ പഠിപ്പിക്കേണ്ട ബാധ്യത നാം ഏറ്റെടുക്കണം.
- മദ്യവും മയക്കമരുന്നും മുസ്ലിം സമൂഹത്തിൽ വ്യാപകമാവുന്നുണ്ടെങ്കിൽ ശക്തമായ ബോധവൽക്കരണം ആ മേഖലകളിൽ നാം നടത്തേണ്ടതുണ്ട്.

---

- ഖുത്ത്ബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.
- ഖുത്ത്ബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

- ഇതു വരെയുള്ള എല്ലാ ഖുത്ത്ബകളും ലഭിക്കാൻ ടെലിഗ്രാം ചാനലിൽ അംഗമാവുക.

https://t.me/joinchat/ScQonQalrhJaZcA_